കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം / സ്ഥലം മാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു -

ഉത്തരവ് നം - സി 2/4248/2017/കോ.വി.വ തീയതി : 03.07.2017.

പരാമർശം
1. 28.05.2016 തീയതിയിലെ സി.1/8771/2016 നമ്പർ ഉത്തരവ്.
2. ശ്രീ.എ.മുഹമ്മദ് ഫാസിലിന്റെ 12.06.2017 തീയതിയിലെ അപേക്ഷ.

ഉത്തരവ്

കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ജോർജ് കോശി 30.06.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ സൂപ്രണ്ടിന്റെ ഒരു ഒഴിവ് നിലവിലുണ്ട്.

അമ്പലപ്പുഴ ഗവണ്മെന്റ് കോളേജിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.എ.മുഹമ്മദ് ഫാസിൽ, കൊല്ലം ജില്ലയിലുണ്ടാകുന്ന ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.എ.മുഹമ്മദ് ഫാസിലിന്റെ അപേക്ഷ പരിഗണിച്ച് ടിയാനെ അമ്പലപ്പുഴ ഗവണ്മെന്റ് കോളേജിൽ നിന്നും സ്ഥലം മാറ്റി കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വന്ന ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവിലേയ്ക്കു പരാമർശം (1) പ്രകാരമുള്ള ഹെഡ് അക്കൌണ്ടന്റുമാരുടെ മുൻ ഗണനാ പട്ടിക അനുസരിച്ച് ഒല്ലൂർ ഗവണ്മെന്റ് കോളേജിലെ ഹെഡ് അക്കൌണ്ടന്റ് ശ്രീ.സത്യൻ.പി ജോസഫിനെ (ക്രമനമ്പർ.32) 30700-65400/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി അമ്പലപ്പുഴ ഗവണ്മെന്റ് കോളേജിൽ നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്
കൃഷ്ണകുമാർ.ടി.വി,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

പകർപ്പ്
1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
3. സി.1 സീറ്റ്
4. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.വി 03.07.2017